**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1747** **05-07-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എൻ.കെ. അക്ബർ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | (എ) സംസ്ഥാനത്ത് ഇതുവരെ 1,74,094 യു.ഡി.ഐ.ഡി. കാർഡുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് ലഭ്യമാക്കുന്നതിനു വേണ്ടി സാമൂഹ്യനീതി വകുപ്പ് പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യ വകുപ്പ മന്ത്രി, തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം 28.04.2022-ന് വിളിച്ചു ചേർക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരോഗ്യ, തദ്ദേശസ്വയം ഭരണ, സാമൂഹ്യനീതി വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 11.05.2022-ൽ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുടെയും ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഓഫീസർമാരുടെയും യോഗം വിളിച്ചു ചേർക്കുകയും കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇക്കാര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ എം.എൽ.എ.മാരുടെയും നേതൃത്വപരമായ പങ്ക് അതത് മണ്ഡലങ്ങളിൽ ഉണ്ടാവണമെന്നഭ്യർത്ഥിച്ച് സാമൂഹ്യനീതി |

| | | | |
|---|---|---|---|
| | | | വകുപ്പ് മന്ത്രി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ക്യാമ്പയിന്റെ ആദ്യഘട്ടമായി മുഴുവൻ ഭിന്നശേഷിക്കാരെയും യു.ഡി.ഐ.ഡി. പോർട്ടലിലേക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള പ്രത്യേക രജിസ്ട്രേഷൻ ഡ്രൈവ് ഇപ്പോൾ നടന്നു വരുന്നു. രജിസ്ട്രേഷൻ ഡ്രൈവിന്റെ ഭാഗമായി 24.06.2022 വരെ 1,11,472 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്തവരിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് ജില്ലാ മെഡിക്കൽ ഓഫീസർമാർ അപേക്ഷകൾ പരിശോധിച്ച് മെഡിക്കൽ ബോർഡിന്റെ ഭിന്നശേഷി അസസ്മെന്റ് ഇല്ലാതെ മെഡിക്കൽ റെക്കമെന്റേഷൻ നൽകി യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റില്ലാത്തവർക്ക് കേരള സാമൂഹ്യ സുരക്ഷാമിഷൻ ആരോഗ്യവകുപ്പുമായി ചേർന്ന് വികേന്ദ്രീകൃത വൈകല്യ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്നതാണ്. കൂടാതെ രജിസ്റ്റർ ചെയ്ത അപേക്ഷകരെ സംസ്ഥാനത്തെ താലൂക്ക്, ജില്ലാ, ജനറൽ ഹോസ്പിറ്റലുകളിലെ സൂപ്രണ്ട് ചെയർമാനായ മെഡിക്കൽ ബോർഡ് വൈകല്യനിർണ്ണയം നടത്തി മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും നൽകുന്ന പ്രവർത്തനവും നടന്നു വരുന്നു. കേരള സാമൂഹ്യ സുരക്ഷാമിഷനാണ് യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പ്, ജില്ലാ ഭരണകൂടം, ആരോഗ്യ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഏകോപിപ്പിച്ച് നടപ്പാക്കുന്നത്. |
| (ബി) | 2016-ലെ ഭിന്നശേഷി അവകാശ നിയമം അനുസരിച്ച് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ അവകാശപ്പെട്ട സംവരണം പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ? | (ബി) | (ബി) 2016-ലെ The Rights of Persons with Disabilities Act പ്രകാരം അനുവദിച്ചിട്ടുള്ള 4% സംവരണത്തിനായി തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ആദ്യപടിയായി സ.ഉ.(അച്ചടി) നം. 12/2019/സാ.നീ.വ. തീയതി 31.10.2019 പ്രകാരം 49 കോമൺ കാറ്റഗറി തസ്തികകൾ 4% സംവരണത്തിനായി കണ്ടെത്തി ഉത്തരവായിട്ടുണ്ട്. നിലവിൽ 3% ഭിന്നശേഷി |

| | | | |
|---|---|---|---|
| | | | സംവരണം അനുവദിച്ചിട്ടുള്ളതും നിയമനം നടന്ന് വരുന്നതുമായ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ 380 തസ്തികകൾ, 4% സംവരണത്തിന് അനുയോജ്യമാണോ എന്നുള്ള പരിശോധന പൂർത്തിയായി വരുന്നു. ഏകദേശം മുഴുവൻ സർക്കാർ വകുപ്പുകളിലേയും തസ്തികകൾ ഇതോടൊപ്പം പരിശോധിക്കപ്പെട്ടുകയും ചെയ്യുന്നുണ്ട്. ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് വേണ്ടി സർക്കാർ രൂപീകരിച്ച മോണിറ്ററിംഗ്, എക്സ്പെർട്ട് കമ്മിറ്റികൾ പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് തസ്തികകൾ കണ്ടെത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവുണ്ടാകുന്നതും അംഗീകരിക്കപ്പെട്ട സംവരണ ടേൺ അനുസരിച്ച് പി.എസ്.സി. 4% ഭിന്നശേഷി സംവരണം നൽകിക്കൊണ്ട് നിയമനങ്ങൾ ആരംഭിക്കുന്നതുമാണ്. സർക്കാർ വകുപ്പുകളിലെ വിവിധ തസ്തികകളിൽ 4% ഭിന്നശേഷി സംവരണത്തിനായി സർക്കാർ ഉത്തരവാകുന്ന മുറയ്ക്ക് മറ്റ് പൊതു മേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ സഹായം ലഭിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലേയും തസ്തികകൾ 4% ഭിന്നശേഷി സംവരണത്തിനായി കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് 4% ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിൽ പി.എസ്.സി. ചൂണ്ടിക്കാണിച്ച വിഷയങ്ങൾ പരിശോധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ